

ടിനി ഫിലിപ്പ്

***The Contrarian Consultant***

*ഇന്ത്യയിലും ജി.സി.സി രാഷ്ട്രങ്ങളിലുമായി സ്ഥായിയായ ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ സംരംഭകരുമായി ചേർന്ന് പ്രവർത്തിക്കുന്ന ബിസിനസ് അഡ്വൈസറാണ് ലേഖകൻ. 1992ൽ IIM(L) ൽ നിന്ന് PGDM എടുത്തതിനുശേഷം ബിസിനസ് അഡ്വൈസറായി പ്രവർത്തനം ആരംഭിച്ച അദ്ദേഹം റിസൾട്ട്സ് കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ്. email: tinyphilip@gmail.com, website: www.we-deliver-results.com*

# 6 വർഷത്തിനിടയിൽ തൊഴിലില്ലായ്മ നിരക്ക് കുറഞ്ഞോ?

### പി.എൽ.എഫ്.എസ് ഡാറ്റയിൽ ശമ്പളമില്ലാത്ത സഹായികളും തൊഴിലാളികൾ

ഇന്ത്യൻ സമ്പദ്വ്യവസ്ഥ കുതിച്ചുയരുകയാണെന്ന് വിശ്വസിക്കാൻ ആഗ്രഹിക്കുന്നവരാണ് ഞാൻ കണ്ടുമുട്ടിയ ചില സംരംഭകർ. കേന്ദ്ര സർക്കാർ നടത്തിയ ഏറ്റവും പുതിയ പിരിയോഡിക് ലേബർ ഫോഴ്സ് സർവേ (പി.എൽ.എഫ്.എസ്) ഉയർത്തിക്കാട്ടുന്നതു പോലെ രാജ്യത്തെ കുറഞ്ഞ തൊഴിലില്ലായ്മ നിരക്ക് പോലുള്ള സമ്പദ്വ്യവസ്ഥ കുതിക്കുകയാണെന്ന തരത്തിലുള്ള തലക്കെട്ടുകൾ ഉയർത്തിക്കാട്ടിയാണ് അവർ ഇത് പറയുന്നത്.

ഇന്ത്യൻ സമ്പദ്വ്യവസ്ഥ കുതിച്ചുയരുകയാണെന്ന് തോന്നുന്നില്ലേ എന്ന് അവർ എന്നോടും ചോദിക്കുന്നു. എന്നാൽ നോട്ട് പിൻവലിക്കൽ, ജി.എസ്.ടിയുടെ തെറ്റായ രീതിയിലുള്ള നടപ്പാക്കൽ, കോവിഡ് ഉയർത്തിയ പ്രശ്നങ്ങൾ ഫലപ്രദമായി നേരിടുന്നതിനുള്ള നയങ്ങളുടെ അഭാവം തുടങ്ങിയ കാരണങ്ങളാൽ ഇന്ത്യൻ സമ്പദ്വ്യവസ്ഥയെ കുറിച്ച് എനിക്ക് അത്ര നല്ല അഭിപ്രായമല്ല ഉള്ളത്.

യാഥാർത്ഥ്യത്തെ അടിസ്ഥാനമാക്കി പോസിറ്റീവായി ചിന്തിക്കുക എന്ന നയമാണ് എന്റേതെന്നും അല്ലാതെ പ്രതീക്ഷയെ അടിസ്ഥാനമാക്കി പോസിറ്റീവായി ചിന്തിക്കുക എന്ന സിദ്ധാന്തം പിന്തുടരുന്ന ആളല്ലെന്നും വായനക്കാർക്ക് ഇപ്പോഴറിയാം.

യഥാർത്ഥത്തിൽ കഴിഞ്ഞ കാലത്തേക്കാൾ കുറവാണോ ഇപ്പോഴത്തെ തൊഴിലില്ലായ്മ നിരക്ക് എന്നതാണ് എന്റെ ചോദ്യം.

ചിത്രം ഒന്നിൽ കാണിച്ചിരിക്കുന്ന പി.എൽ.എഫ്.എസ് വിവരം അനുസരിച്ച് ഇന്ത്യയിലെ തൊഴിലില്ലായ്മ നിരക്ക് 2017-18ലെ 6.1 ശതമാനത്തിൽ നിന്ന് 2022-23ൽ 3.2 ശതമാനമായി കുറഞ്ഞിട്ടുണ്ട്.

***Figure 1** - PLFS Unemployment Data - As per Normal Classification*

| ITEM | PLFS 2017-18 | PLFS 2022-23 |
|---|---|---|
| Unemployed % of Workforce | 6.10% | 3.20% |
| Employed % of Workforce | 93.90% | 96.80% |
| Unpaid Helpers as % of Employed | 13.60% | 18.30% |
| Own Account Worked & Employer as % of Employed | 38.60% | 39% |
| Casual Worked as % of Employed | 24.90% | 21.80% |
| Regular Wage/Salary as % of Employed | 22.80% | 20.90% |

ചിത്രം ഒന്നിൽ കാണിച്ചിരിക്കുന്നതു പോലെ ശമ്പളമില്ലാത്ത സഹായികളെയും തൊഴിലാളികളായി പരിഗണിച്ചിട്ടുണ്ട്. അവരുടെ എണ്ണം 2017-18ലെ 13.6 ശതമാനത്തിൽ നിന്ന് 2022-23 ആയപ്പോൾ 18.3 ശതമാനമായി കൂടിയിട്ടുമുണ്ട്.

ശമ്പളം ലഭിക്കാത്ത സഹായികളെ തൊഴിൽ രഹിതരായി കണക്കാക്കണമെന്നും ജോലിയുള്ളവരായി കാണരുതെന്നുമാണ് എന്റെ വിശ്വാസം. ഒരാൾക്ക് ശമ്പളം ലഭിക്കുന്നില്ലെങ്കിൽ അവരെ തൊഴിലുള്ളവരായി കണക്കാക്കാനാകുമോ?

ഈ അനുമാന പ്രകാരം ചിത്രം രണ്ടിൽ കാണിച്ചിരിക്കുന്നതു പോലെ ഞാൻ പി.എൽ.എഫ്.എസ് വിവരങ്ങൾ പുനഃക്രമീകരിച്ചു.

***Figure 2** - PLFS Unemployment Data - Classifying Unpaid Helpers as Unemployed*

| ITEM | PLFS 2017-18 | PLFS 2022-23 |
|---|---|---|
| Unpaid Helper as % of Total Workforce | 12.77% | 17.71% |
| Unemployed % of Workforce | 18.87% | 20.91% |
| Employed % of Workforce | 81.13% | 79.09% |
| CMIE Unemployed | 4.60% | 7.60% |

ചിത്രം രണ്ടിലെ പുനഃക്രമീകരിച്ച വിവര പ്രകാരം തൊഴിലില്ലായ്മ നിരക്ക് 2017-18ലെ 18.87 ശതമാനത്തിൽ നിന്ന് 2022-23ൽ 20.91 ശതമാനമായി.

2017-18ലെ 4.6 ശതമാനത്തിൽ നിന്ന് 2022-23ലെ 7.6 ശതമാനമായി തൊഴിലില്ലായ്മ നിരക്ക് കൂടി എന്ന സി.എം.ഐ.ഇ (സെന്റർ ഫോർ മോണിറ്ററിംഗ് ഇന്ത്യൻ എക്കോണമി)ഡാറ്റ കാട്ടുന്ന പ്രവണതയ്ക്ക് സമാനമാണിത്.

വലിയ സർവേകളെ അടിസ്ഥാനമാക്കിയുള്ളതാണ് ഈ വിവരങ്ങളെല്ലാം എന്ന് ഓർക്കുക. കൃത്യമായ തൊഴിലില്ലായ്മ നിരക്ക് കണക്കാക്കുക ബുദ്ധിമുട്ടുള്ള കാര്യമാണ്. പകരം ട്രെൻഡ് നോക്കുകയാണ് ചെയ്യുക.

ഇവിടെ കാണുന്നതു പോലെ ശമ്പളമില്ലാത്ത സഹായികളെ തൊഴിൽ രഹിതരായി കണക്കാക്കുകയാണെങ്കിൽ രാജ്യത്തെ തൊഴിലില്ലായ്മ നിരക്ക് 2017-18 മുതൽ 2022-23 വരെയുള്ള കാലയളവിൽ വർധിക്കുകയാണുണ്ടായത്.

ഞാൻ ഇവിടെ വിശദീകരിച്ച കാര്യം വിശദമായി പഠിക്കാനും ഇന്ത്യൻ സമ്പദ്വ്യവസ്ഥ യഥാർത്ഥത്തിൽ കുതിക്കുകയാണോ എന്ന് സ്വന്തം നിഗമനങ്ങളിൽ എത്താനുമുള്ള സ്വാതന്ത്ര്യം വായനക്കാർക്ക് വിടുന്നു.

വിജയിയായ ഒരു സംരംഭകൻ പിന്തുടരേണ്ടത് യാഥാർത്ഥ്യത്തെ അടിസ്ഥാനമാക്കിയുള്ള പോസിറ്റീവ് ചിന്തയാണ്. അല്ലാതെ, പ്രതീക്ഷ അടിസ്ഥാനമാക്കിയുള്ള പോസിറ്റീവ് ചിന്തയല്ല എന്ന് വീണ്ടും ഓർമിപ്പിക്കുന്നു. ■

